ഇൻഫോപാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി റവന്യൂ, വനം വകുപ്പുകളിൽനിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കേണ്ട നടപടി ക്രമങ്ങൾ

18 (2488) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇൻഫോ പാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി റവന്യൂ, വനം വകുപ്പുകളിൽനിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് എന്തൊക്കെ പൊതു വ്യവസ്ഥകൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരത്തിൽ സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന വകുപ്പുതല പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ഇൻഫോപാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനുമായി റവന്യൂ, വനം വകുപ്പുകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ച് ഇൻഫോപാർക്കുകൾക്ക് മാത്രമായി പ്രത്യേകമായ പൊതുവ്യവസ്ഥകൾക്കൊന്നും രൂപം നൽകിയിട്ടില്ല. ചർച്ച ചെയ്ത് തീർക്കാൻ കഴിയാത്ത തർക്കമൊന്നും വകുപ്പുകൾ തമ്മിൽ ഇതുവരെ ഉണ്ടായിട്ടില്ല.

ഐ. ടി. കോറിഡോർ

19 (2489) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കോറിഡോർ സ്ഥാപിക്കുന്നതിനുള്ള എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടപ്പിലാക്കിയെന്ന് അറിയിക്കുമോ ; എത്ര കിലോ മീറ്റർ ദൂരത്തിലാണ് ഐ.ടി. കോറിഡോർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പുതുതായി എന്ത് സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സ്ഥലത്ത് ഐ.ടി. കോറിഡോറിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത് ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടെക്നോപാർക്ക് ഒന്നാംഘട്ടം, രണ്ടാംഘട്ടം, മൂന്നാംഘട്ടം, ടെക്നോസിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന കോവളം മുതൽ മംഗലപുരം വരെയുള്ള പ്രദേശത്തെയാണ് ഐ. ടി. കോറിഡോർ എന്ന് ഉദ്ദേശിക്കുന്നത്. ഇത് ഏകദേശം 25 കിലോമീറ്റർ ദൂരത്തോളം വരും. ഇതിൽ 8000 കോടി രൂപ ലക്ഷ്യമിടുന്ന ടെക്നോസിറ്റി എന്ന പദ്ധതി സ്വകാര്യ മേഖലയുടെയും പൊതു മേഖലയുടേയും സംയുക്ത പങ്കാളിത്തത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രദേശത്ത് ടെക്നോപാർക്ക് താഴെപ്പറയുന്ന ഭൂമി ഐ. ടി. വികസനത്തിനായി ഉപയോഗിക്കുന്നു.

ടെക്നോപാർക്ക് ഒന്നാംഘട്ടം - 143.66 ഏക്കർ

ടെക്നോപാർക്ക് രണ്ടാംഘട്ടം - 86 ഏക്കർ

ടെക്നോപാർക്ക് മൂന്നാംഘട്ടം - 178 ഏക്കർ

ടെക്നോസിറ്റി പള്ളിപ്പുറം - 451 ഏക്കർ

ഇതിൽ ടെക്നോപാർക്ക് ഒന്നാംഘട്ടം പദ്ധതി ഏകദേശം പൂർത്തിയായി. 45 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പണി പ്രാരംഭ ഘട്ടത്തിലാണ്. ടെക്നോപാർക്ക് രണ്ടാംഘട്ടത്തിൽ Infosys, UST Global എന്നീ കമ്പനികളുടെ ക്യാമ്പസിന്റെ പണികൾ നടന്നുവരുന്നു. Infosys ക്യാമ്പസിന്റെ ആദ്യഘട്ട ഉദ്ഘാടനം നടന്നു. ടെക്നോപാർക്ക് മൂന്നാംഘട്ടത്തിൽ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആനമുടി, പൊന്മുടി എന്നീ രണ്ട് ബ്ലോക്കുകളുള്ള ഒരു കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. കൂടാതെ ഭൂമി പാട്ടത്തിന് നൽകിയ കമ്പനികൾ അവരുടെ കെട്ടിടങ്ങൾ ഒരു വർഷത്തിനകം പണി തുടങ്ങും. ടെക്നോസിറ്റിയിൽ 82 ഏക്കർ ഭൂമി TCS-നും 10 ഏക്കർ ഭൂമി IIITM-K-ക്കും പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഐ. ടി. കമ്പനികൾക്കും അതിൽ ജോലി ചെയ്യുന്ന പ്രൊഫഷണലു കൾക്കും ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും താമസ സൗകര്യങ്ങളും ഷോപ്പിംഗ് സൗകര്യങ്ങളും മറ്റുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനം 5 മുതൽ 8 വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly